നം:ICDS.B2- 2555/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി:27.02.2017

## പരിപത്രം

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ഐസിഡിഎസ് - അന്താരാഷ്ട്ര വനിതാദിനം 2017 മാർച്ച് 1 മുതൽ 7വരെയുള്ള വാരാചരണം- മാർച്ച് 7 ന് നടത്തേണ്ടതായ പരിപാടികൾ - സംബന്ധിച്ച്.

സൂചന :- 1. 18.02.2017 ലെ വീഡിയോ കോൺഫറൻസ്
2. 22.02.2017 - ൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്
3. 22.02.2017 ലെ ഇതേ നമ്പർ സർക്കുലർ

മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനമായി എല്ലാ വർഷവും സാമൂഹ്യ നീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സമുചിതമായി ആചരിച്ചുവരുന്നു. ഇക്കൊല്ലത്തെ (2017 മാർച്ച് 8 ) വനിതാദിനാത്തിനോടനുബന്ധിച്ച് 2017 മാർച്ച് 1 മുതൽ 7വരെ വാരാചരണം കൂടി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സൂചന (3) പ്രകാരം മാർച്ച് 1 ന് നടപ്പാക്കേണ്ടതായ പരിപാടികൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

മാർച്ച് 7 ന് ഉച്ചവരെ 'ഹെൽത്തി വിമൻ എമ്പവേഡ് വിമൺ 'എന്ന ആപ്തവാക്യം യഥാർത്ഥമാക്കുന്നതിന്റെ ഭാഗമായി ICDS ന്റെ ആഭിമുഖ്യത്തിൽ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും സ്ത്രീകൾക്കും ആരോഗ്യ വകുപ്പിന്റെ സഹകരണ ത്തോടെ അനീമീയ സ്ക്രീനിംഗ്, കാൻസർ ബോധവൽക്കരണം, ഉച്ചയ്ക്ക് ശേഷം പഞ്ചായത്ത് തലത്തിൽ സാമൂഹ്യ നിയമങ്ങളെ സംബന്ധിച്ച ബോധവൽക്കരണം എന്നിവ സംഘടിപ്പിക്കേണ്ടതാണ്. ആയതിലേക്കായി ചുവടെപറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. CDPO മാർ പ്രോജക്ടിലെ എല്ലാ സൂപ്പർവൈസർമാരുടെയും യോഗം ചേർന്ന് ഓരോ പഞ്ചായത്തിലെയും സ്ക്രീനിംഗ് , ബോധവൽക്കരണം എന്നിവ സംഘടിപ്പിക്കുന്നതിനുള്ള രണ്ട് അങ്കണവാടികൾ വീതം തെരഞ്ഞെടുക്കേണ്ടതും ടി പരിപാടികൾക്കായുള്ള കർമ്മ പദ്ധതി തയ്യാറാക്കി സൂപ്പർവൈസർമാർക്ക് ചുമതല നൽകേണ്ടതുമാണ്.
2. തെരഞ്ഞെടുത്ത അങ്കണവാടികളുടെ ലിസ്റ്റ് സഹിതം CDPO, CHC മെഡിക്കൽ ഓഫീസറുമായി ചർച്ച ചെയ്യുകയും PHC മെഡിക്കൽ ഓഫീസർമാർ, ICDS സൂപ്പർവൈസർമാർ, ആരോഗ്യ വകുപ്പിലെ ഫീൽഡ് സ്റ്റാഫ് എന്നിവരും യോഗം ചേർന്ന് മാർച്ച് 7 നുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

TSS/-

PDF processed with CutePDF evaluation edition www.CutePDF.com

3. ടി യോഗ തീരുമാനപ്രകാരമുള്ള നടപടികൾ അങ്കണവാടി പ്രവർത്തകരെ അറിയിക്കുകയും സ്ക്രീനിംഗിനായുള്ള കുട്ടികളെയും സ്ത്രീകളെയും പ്രസ്തുത അങ്കണവാടികളിൽ എത്തിക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതുമാണ്.
4. അങ്കണവാടികളിലെ സ്ക്രീനിംഗിനെ തുടർന്ന് 'ഹെൽത്തി വിമൻ എമ്പവേഡ് വിമൺ ' എന്ന ആപ്തവാക്യം യഥാർത്ഥമാക്കുന്നതിന്റെ ഭാഗമായി അമ്മമാർക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കേണ്ട താണ്.
5. ഉച്ചയ്ക്ക് ശേഷം പഞ്ചായത്ത്/സെക്ടർ തലത്തിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന വിവിധ സാമൂഹ്യ നിയമങ്ങൾ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ടി പരിപാടികൾ ICDS സൂപ്പർവൈസർമാരുടെ ചുമതലയിൽ നടത്തേണ്ടതാണ്.
6. അങ്കണവാടി പ്രവർത്തകരുടെ ഭവന സന്ദർശനമുൾപ്പെടെയുള്ള ഫീൽഡ് തല പ്രവർത്തനത്തിൽ ടി പരിപാടികൾ സംബന്ധിച്ചുള്ള പ്രചരണം നൽകേണ്ടതും പരമാവധി ജനപങ്കാളിത്തത്തോടും ജനപ്രതിനിധികളുടെ സാന്നിദ്ധ്യമുറപ്പാക്കിയും പരിപാടികൾ സംഘടിപ്പിക്കേണ്ടതുമാണ്.
7. പഞ്ചായത്തിലെ/സെക്ടറിലെ എല്ലാ അങ്കണവാടിപ്രദേശത്തുനിന്നും സ്ക്രീനിംഗ് , ബോധവൽക്കരണം എന്നിവയിൽ പെൺകുട്ടികളെയും സ്ത്രീകളെയും പങ്കെടുപ്പിക്കുന്നതിനുള്ളനടപടികൾസ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത്/സെക്ടർ തലത്തിൽ ICDS സൂപ്പർവൈസർമാരുടെ ചുമതലയിൽ ടി പരിപാടികൾ സംഘടിപ്പിക്കേണ്ടതും CDPO മാർ പ്രോജക്ടിലെ എല്ലാ പഞ്ചായത്ത്/സെക്ടറിലെയും പരിപാടികളിൽ പങ്കെടുക്കേണ്ടതും P.O. മാർ ജില്ലയിലെ 2 പ്രോജക്ടുകളിലെ സ്ക്രീനിംഗ്, ബോധവൽക്കരണ പരിപാടികളിൽ പങ്കെടുക്കേണ്ടതുമാണ്. ജില്ലയിൽ ടി പരിപാടികൾ സംഘടിപ്പിച്ചത് സംബന്ധിച്ച റിപ്പോർട്ട് (പങ്കെടുത്തവരുടെ എണ്ണം, സ്ക്രീനിംഗിലെ കണ്ടെത്തൽ ഉൾപ്പെടെയുള്ളത്) മാർച്ച് 15 നകം P.O. മാർ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

Aleyamma Varghese

സാമൂഹ്യനീതി ഡയറക്ടർ (ഒപ്പ്)

പകർപ്പ്:

എല്ലാ ശിശുവികസനപദ്ധതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

TSS/-